രണ്ടാമത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാൻ നടപടി

238 (1208) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഒന്നാം ഗ്രേഡ് ഓവർസീയറായി ജോലി നോക്കിവരുന്ന ശ്രീ. കെ. സി. മോഹനന് 1998-ലെ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ ശമ്പളസ്കെയിലിൽ രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് 27-6-2002 മുതൽ അനുവദിച്ചുനൽകണമെന്ന അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കൃഷിവകുപ്പ് ഡയറക്ടറേറ്റിലെ SH(1)/43264/09-ാം നമ്പർ ഫയൽ പ്രകാരം നടപടികൾ സ്വീകരിച്ച് അടിയന്തരമായി ശ്രീ. കെ. സി. മോഹനന് 18 വർഷത്തെ ഗ്രേഡ് അനുവദിച്ച് നൽകാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ശ്രീ. കെ. സി. മോഹനന് 18 വർഷത്തെ ഹയർഗ്രേഡ് കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ ശമ്പള സ്കെയിലിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ മുമ്പ് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.ഡി.(സി). 29246/2007 നമ്പർ കേസ് കോടതി തള്ളിക്കളയുകയുണ്ടായി. ടി വിധിക്കെതിരായി ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ നമ്പർ 685/2008-നുമേലുള്ള വിധി സർക്കാർ പരിശോധിക്കുകയും ശ്രീ. കെ. സി. മോഹനന്റെ അപേക്ഷ നിലവിലുള്ള നിയമപ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ചുകൊണ്ട് 22-6-2009-ലെ ജി.ഒ.(ആർടി.) 956/2009/കൃഷി നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനുശേഷം ടിയാൻ ഇപ്പോൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിശോധിക്കുന്നതിനുവേണ്ടി ആവശ്യമായ രേഖകൾ കൃഷി ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൃഷി ഭവനുകളിലെ ഒഴിവുകൾ നികത്താൻ നടപടി

239 (1209) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏതൊക്കെ കൃഷിഭവനുകളിലാണ് കൃഷി ഓഫീസറുടെയും അസിസ്റ്റന്റുമാരുടെയും തസ്തികകൾ ഒഴിവുകളുള്ളതെന്ന് കൃഷിഭവന്റെ പേരുസഹിതം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly